(ഡി) 31-1-.2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം 8581 കോടി രൂപ (43%) ചെലവഴിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ടിലുള്ള തുക സംബന്ധിച്ച വിവരങ്ങൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ വ്യക്തമാകുകയുള്ളൂ.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച 2733.54 കോടി രൂപയിൽ 31-1-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 1136 കോടി രൂപ (42%) ചെലവഴിച്ചിട്ടുണ്ട്.

(എഫ്) നടപ്പു സാമ്പത്തിക വർഷം 31-12-2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 15841.74 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ കാലയളവിലെ റവന്യൂകമ്മി 8848.27 കോടി രൂപയാണ്.

ഖജനാവിനുണ്ടായ നഷ്ടം പരിഹരിക്കാൻ നടപടി

107 (453) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. എം. ഹംസ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും വരുമാന ചോർച്ച തടയുന്നതിന് എത്രത്തോളം സാദ്ധ്യമാകുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വിവിധ മേഖലകളിൽ നികുതി വെട്ടിപ്പ് തുടരുന്നതായ വാർത്തകൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ;

(സി) സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നിലവിലെ സംവിധാനങ്ങൾക്ക് വേണ്ടത്ര സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നികുതി വെട്ടിപ്പും അഴിമതിയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വരുമാനം ചോരുന്ന വഴികൾ കണ്ടെത്താനുള്ള നടപടികൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടാകാതിരുന്ന സാഹചര്യത്തിൽ അധിക നികുതി/നികുതിയേതര നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉപാധിരഹിത സ്റ്റേകൾ പിൻവലിച്ചും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് കർശന നടപടികൾ കൈക്കൊണ്ടും വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നികുതി പിരിവിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വാണിജ്യ നികുതി ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊണ്ടിട്ടുമുണ്ട്. ചെക്ക് പോസ്റ്റിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖാ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും, ഓവർ ചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്ക് വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസിയിൽനിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി കുടിശ്ശിക റവന്യൂറിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

108 (454) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നികുതി വരുമാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ആദ്യമായി ഉന്നയിച്ചത് എപ്പോഴായിരുന്നു ; ഏതെല്ലാം ധനകാര്യകമ്മിഷനുകൾ മുമ്പാകെ നല്കിയ നിവേദനത്തിലാണ് ആ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നത് ;